# എന്നെ തല്ലേണ്ടമ്മാവാ, ഞാൻ നന്നാവൂല്ല!

ഡോ. എം. കുര്യൻ തോമസ്

**മാ**റ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ഹൃദയത്തിനു ജീവൻ പണയംവെച്ച് പൈലറ്റ് വാഹനം ഓടിച്ച പോലീസ് ഡ്രൈവറും, ഡോ. അബ്ദൽ കലാമിന്റെ സ്മരണാർത്ഥം വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ച കൊച്ചി പോലീസും ആയിരക്കണക്കിനു 'ലൈക്കുകൾ' ഈയിടെ നേടി. പക്ഷേ ഇന്നും പത്രത്താളുകളിൽ നിറയുന്നത് പോലീസ് അതിക്രമങ്ങളുടെ വാർത്തകളാണ്.

ലോക്കപ്പു മർദ്ദനമോ കസ്റ്റഡിമരണമോ അത്തരം ഗൗരവവിഷയങ്ങളോ അല്ല അവിടെ പരാമർശിക്കുന്നത്. ഏറ്റവുമധികം ജനങ്ങളെ ബാധിക്കുന്നതും തത്തുല്യമായ അളവിൽ മനുഷ്യാവകാശലംഘന പരാതികൾ ഉണ്ടാകുന്നതുമായ വാഹനപരിശോധനയാണ് സൂചിതം. ദിനംപ്രതി പരാതികൾ കൂടുന്നതല്ലാതെ കുറയാത്ത ഒരു മേഖലയാണിത്. ഇതിന്റെ അടിസ്ഥാന കാരണങ്ങളാണ് ഇവിടെ ചർച്ചാ വിഷയം.

വാഹനപരിശോധന എന്നു സർക്കാർ രേഖകൾ പറയുന്നുവെങ്കിലും ഫലത്തിൽ ഇതു ഇരുചക്രവാഹന വേട്ടയാണ്. ആഡംബര കാറുകളും ടിപ്പർ ലോറികളും വരുമ്പോൾ പരിശോധകരുടെ കണ്ണടയുന്നു. വന്യമായ ഊർജ്ജത്തോടെ ഇരുചക്രവാഹനവേട്ട നടത്തുമ്പോൾ മനുഷാവകാശങ്ങളും നിയമങ്ങളും നിർദ്ദേശങ്ങളും നിർബാധം കാറ്റിൽപറക്കുന്നു, സഭ്യതയുടെ സീമകൾ ലംഘിക്കപ്പെടുന്നു, പല നിരപരാധികളുടേയും ജീവൻ പൊലിയുന്നു. കേരളാ പോലീസിന്റെ വില ഇടിയുന്നു. എവിടെയാണ് തകരാറ് എന്നാരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഈ ലേഖകന്റെ കാഴ്ചപ്പാടിൽ അടിതൊട്ട് മുടിവരെയുള്ള ഭരണ-പോലീസ് സംവിധാനം ഇതിൽ കുറ്റക്കാരാണ്. ജനത്തെ ദ്രോഹിക്കുന്ന സാദാ പോലീസ് ഉദ്യോഗസ്ഥരേക്കാൾ മുകൾത്തട്ടാണ് ഈ ദുര്യോഗത്തിന് ഉത്തരവാദികൾ എന്നാണ് ഈ ലേഖകന്റെ പക്ഷം. പോലീസിനെ മർദ്ദനോപാധി എന്ന നിലയിൽ അവതരിപ്പിച്ച് ഭീതി സൃഷ്ടിച്ച് ക്രമസമാധാനം നിലനിർത്തിയിരുന്ന കൊളോണിയൽ മനോഭാവത്തിന് ഇതുവരെ മാറ്റം വന്നിട്ടില്ല. വരുത്താൻ ആരും ശ്രമിച്ചിട്ടുമില്ല. ഈ സാഹചര്യത്തിലാണ് വളവിലും ഇടവഴികളിലും വൻസന്നാഹത്തോടെ കാത്തുകെട്ടിക്കിടക്കുന്ന പരിശോധകസംഘത്തെ കണ്ട് ഭയപ്പെട്ട് നിയന്ത്രണംവിട്ട് അപകടത്തിൽ പെടുന്നത്. ഇതു മനസിലാക്കാൻ ഇതുവരെ അധികാരികൾ തയാറായിട്ടില്ല.

രണ്ടാമതായി, പരിച്ചെടുത്ത തുകയുടെ വലുപ്പം പ്രസിദ്ധീകരിച്ച് ഊറ്റംകൊള്ളുന്ന സർക്കാരുകളാണ്. ഖജനാവു നിറയ്ക്കാനുള്ള ഒരു ലളിതമാർഗ്ഗം മാത്രമായാണ് ഇന്നു സർക്കാർ വാഹന പരിശോധനയെ കാണുന്നത്. ഇത് ടാർജെറ്റ് ഉണ്ടാക്കുന്നതിലും, അതു ലക്ഷ്യത്തിലെത്തിക്കുന്നതിന് വഴിവിട്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഇടയാക്കുന്നു. തലേന്ന് ടാർജറ്റ് തികയ്ക്കാത്ത സബ് ഇൻസ്പക്ടറെ കിടക്കപ്പായിൽനിന്നും വിളിച്ചുണർത്തി അസഭ്യവർഷം നടത്തിയ ഐ.പി.എസുകാരുള്ള നാടാണിത്. അത്തരം സാഹചര്യത്തിലാണ് പരിശോധനയ്ക്കിടെ പാൻറ്സിന്റെ സിബ് ഊരിക്കാണിച്ച ഏമാനും ശിക്ഷിക്കപ്പെടാതെ പോകുന്നത്. ഈ പശ്ചാത്തലത്തിൽവേണം സ്റ്റേഷൻ ചുമതലയുള്ളവർ മാത്രം വാഹന പരിശോധന നടത്തണമെന്നും, അതു വീഡിയോയിൽ പകർത്തണമെന്നുമുള്ള ഉത്തരവ് ദിവസങ്ങൾക്കുള്ളിൽ പിൻവലിക്കപ്പെട്ടത് വിലയിരുത്താൻ.

മൂന്നാമതായി, ചില പോലീസ് സ്റ്റേഷനുകളുടെ വിട്ടുമാറാത്ത 'ക്രിമിനൽ' സ്വഭാവമാണ്. സമർത്ഥനായ ഒരു ഇൻസ്പക്ടറെ നിയമിച്ചതുകൊണ്ടോന്നും ഈ പ്രശ്നം അവസാനിക്കില്ല. 'സഹജീവിസ്വാധീനം' (peer group influence) എന്നത് അവരെയും ബാധിക്കും. അല്ലങ്കിൽ അവരെ ഒതുക്കും. പാനൂർ സോമൻ വധക്കേസുമായി ബന്ധപ്പെട്ട പ്രസിദ്ധമായ 'സാക്ഷാൽ പുലിക്കോടൻ നോക്കീട്ടു നടന്നില്ല, പിന്നാ നീ' എന്ന വാചകം ഇന്നും പ്രസക്തമാണ് പൂർണ്ണമായ പൊളിച്ചെഴുത്തുമാത്രമേ ഇവിടെ പ്രസക്തമാകൂ.

നാലമതായി, പോലീസുകാരുടെ മനഃശാസ്ത്രപരമായ പ്രശ്നങ്ങളാണ്. പ്രമോഷൻ വഴി ഇൻസ്പക്ടർ പദവിയിൽ എത്തിയവും പോലീസ് ഡ്രൈവറുമാരുമാണ് ഏറ്റവുമധികം പരാതികൾ ഉണ്ടാക്കുന്നത് എന്നത് ഒരു പ്രഥമിക നിരീക്ഷണം പോലും വ്യക്തമാക്കുന്ന വസ്തുതയാണ്. ദശാബ്ദങ്ങൾ സാദാ പോലീസുകാരനായി കഴിയേണ്ടിവന്നവർ പ്രമോഷനുശേഷം തങ്ങളുടെ നവ 'ഉന്നത നിലവാരം' ജനത്തെ ബോദ്ധ്യപ്പെടുത്താനുള്ള ത്വരയാണ് ഈ പ്രകടനത്തിനു പിന്നിൽ എന്നു പറഞ്ഞാൽ തെറ്റില്ല. തങ്ങളേക്കാൾ വളരെ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള 'കീഴ്ജീവനക്കാരന്റെ' മുമ്പിലും ഈ ജാഡ അനിവാര്യമാണന്നു അവർ കരുതുന്നു. അനുഭവിക്കുന്നത് ജനവും. ഇത്തരക്കാർക്ക് സ്റ്റേഷൻ ചുമതല കൊടുക്കാതിരിക്കുകയും വാഹന പരിശോധനയിൽനിന്നും ഒഴിവാക്കുകയും മാത്രമാണ് ഉതിനു പ്രതിവിധി.

പ്രമോഷനും ബഹുമാനവും ലഭിക്കാത്തതിന്റെ അസംതൃപ്തിയാണ് ഡ്രൈവർമാർ പ്രകടിപ്പിക്കുന്നത്. കൂട്ടത്തിൽ 'ഹേഡ്, റൈട്ടർ, ജി.ഡി., പാറാവ്' മുതലായി പോലീസ് സ്റ്റേഷനിലുള്ള മറ്റുള്ളവർക്കു കിട്ടുന്ന പരിഗണന തങ്ങൾക്കു കിട്ടാത്തതിന്റെ അരിശവും. ഇവരുടെ പ്രകടനമാണ് പല ജീവിതങ്ങൾക്ക് അന്ത്യം

കുറിക്കുന്നത്. ഇതിനുള്ള പ്രതിവിധി ഇന്നു ഡിപ്പാർട്ടുമെന്റിൽ തന്നെയുണ്ട്. ഗുരുതരമായ ഡ്രൈവർക്ഷാമം! സ്റ്റേഷനുകളിൽനിന്നും ഡ്രൈവർമാരെ പിൻവലിക്കുക. പകരം വനിതകളടക്കം എല്ലാ പോലീസുകാർക്കും ഡ്രൈവിംഗ് പരിശീലനം നൽകി ഡ്യൂട്ടി വിഭജിച്ചു നൽകുക.

ഖജനാവിൽ പണം എത്തിക്കാൻ എന്തു ചെയ്താലും ശിക്ഷണ നടപടികൾ ഉണ്ടാവില്ല എന്ന ധാരണയാണ് അടുത്ത പ്രശ്നം. ഈ അവസ്ഥ മാറിയേ തീരൂ. ക്രമസമാധാനവും നിയമവാഴ്ചയും നിലനിർത്തേണ്ട പോലീസ് കുറ്റംചെയ്താൽ കഠിനശിക്ഷകിട്ടണം. ഇത് അവർക്കും ജനങ്ങൾക്കും ബോദ്ധ്യമാവുകയും ചെയ്യണം. സേനയുടെ മനോവീര്യം നഷ്ടപ്പെടുമെന്നൊന്നും വാദിച്ചിട്ട് കാര്യമില്ല. പോലീസുകാര ക്രൂരമായി ആക്രമിക്കപ്പെട്ട കേസുകൾ രാഷ്ട്രീയ പരിഗണന വെച്ച് നിരുപാധികം പിൻവലിക്കുമ്പോഴാണ് വീര്യം ചോരുന്നത്. ഇതു സർക്കാർ മനസിലാക്കണം. പക്ഷേ വൻസ്രാവുകൾ പൂർണ്ണമായും രക്ഷപെടുന്ന ഇന്നത്തെ സംവിധാനത്തിൽ ചെറുമീനുകളെ ശിക്ഷിക്കാൻ ആവില്ല എന്നതാണ് യാഥാർത്ഥ്യം.

മറ്റൊന്നിലും ഇല്ലാത്തവിധം വാഹനപരിശോധനയിൽ പോലീസ് കാണിക്കുന്ന ശുഷ്കാന്തിമൂലം അവർക്ക് പിഴസംഖ്യയുടെ 10-20 ശതമാനം കമ്മീഷൻ ലഭിക്കുന്നു എന്നാണ് ജനം ധരിച്ചിരിക്കുന്നത്. ബിവറേജസിൽ ക്യൂ നിൽക്കുന്ന ഓട്ടോ ഡ്രൈവർമാർക്ക് വാഹന നിയമമനുസരിച്ച് പിഴചുമത്തി ‘വിഭവ സമാഹരണത്തിന്’ പുതിയ മേഖല കണ്ടെത്തിയ ഏമാന്മാർ വരെയുള്ള സംസ്ഥാനത്ത് സാധാരണക്കാർ അപ്രകാരം ചിന്തിക്കുന്നതിൽ അത്ഭുതമില്ല. അത് അസംഭാവ്യമെങ്കിലും.

നിരന്തരമായി വകുപ്പുമന്ത്രി പ്രസ്താവനയും പോലീസ് മോധാവി സർക്കുലറും ഇറക്കിയാലൊന്നും ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാവില്ല. അതിന് ധീരമായ ചില മടപടികൾ ഉണ്ടായേ തീരൂ. ഒന്നാമതായി, പോലീസ് എന്നാൽ ‘ഭീതി വളർത്തുന്ന മർദ്ദനോപാധി’ എന്ന കാഴ്ചപ്പാട് ഉപേക്ഷിക്കണം. രണ്ടാമതായി, പിഴ തുക വരുമാനമാർഗ്ഗമെന്ന സർക്കാർ കാഴ്ചപ്പാട് പാടേ മാറ്റണം. മൂന്നമതായി, ടാർജറ്റ് നിശ്ചയിച്ചു പരിശോധന നടത്തുന്ന നടപടിയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രോൽസാഹന-ശകാരങ്ങളും ഉടനടി അവസാനിപ്പിക്കണം. നാലാമതായി,അപമര്യാദയോടെയും ചട്ടവിരുദ്ധമായും വാഹന പരിശോധന നടത്തുന്ന പോലീസുകാർ ശിക്ഷിക്കപ്പെടുകയും അതു ജനത്തിനു ബോദ്ധ്യമാവുകയും ചെയ്യണം. ഇതോടൊപ്പംതന്നെ പോലീസുകാർ ആക്രമിക്കപ്പെടുന്ന ഇതര സംഭവങ്ങളിൽ രാഷ്ട്രീയ സ്വാധീനത്താൽ ഒരു കാരണവശാലും കേസ് പിൻവലിക്കരുത്.

ഇക്കാര്യത്തിൽ ജൂഡീഷറിക്കും കാര്യമായ പങ്ക് വഹിക്കാനാകും. വേറൊന്നും ചെയ്യേണ്ടതില്ല. കൃത്യമായി നടപടിച്ചട്ടങ്ങൾ പാലിക്കാതെ ചാർജ്ജുചെയ്യുന്ന ഇത്തരം കേസുകൾ എല്ലാം പ്രഥമദൃഷ്ട്യാ തള്ളിക്കളുയുക. ഒരേ ചട്ടലംഘനം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കു രേഖാമൂലം താക്കീതു നൽകുക. ജനങ്ങൾക്കു നീതി ഉറപ്പാക്കേണ്ടതു ജൂഡീഷറിയുടെകൂടി ബാദ്ധ്യതയാണ്. ചെങ്ങലയ്ക്കു ഭ്രാന്തുപിടിച്ചാൽ അതിനെ ചങ്ങലയ്ക്കിടാൻ ജൂഡീഷറിക്കേ ആവൂ.

വാഹന പരിശോധനയെക്കുറിച്ചുള്ള പരാതി ഒഴിവാക്കാൻ ഒരു ലളിതമാർഗ്ഗമുണ്ട്. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള വാഹനപരിശോധന പൂർണ്ണമായും വനിതാ പോലീസിനെ ഏൽപ്പിക്കുക. ഇന്ന് എല്ലാ സ്റ്റേഷനിലും ആവശ്യത്തിനു വനിതാ പോലീസുണ്ട്. കുറഞ്ഞത് പകൽ സമയത്തെങ്കിലും അവർ പരിശോധിച്ചാൽ എന്താ കുഴപ്പം? അപ്രായോഗികം എന്ന് ആരും നെറ്റിചുളിക്കേണ്ട. വനിതാ ഓട്ടോയും വനിതാ കണ്ടക്ടറും വന്നപ്പോഴും ഇതുപോലെ നെറ്റിചുളിച്ചു. രണ്ടും ഇന്നും വിജയകരമായി നടക്കുന്നു. അവരോട് ആരും അപമര്യാദയായി പെരുമാറുകയില്ല. അങ്ങിനെ ചെയ്താൽ ഒരു വകുപ്പ് കൂടുതലാണ്. പോലീസ് ജീപ്പുകൾ ഇതിന് ഉപയോഗിക്കരുത്. അതോടെ പരാതികൾ എതാണ്ടു പൂർണ്ണമായും ഒഴിവാകും.

ജനം നിസഹായരാണ്. രേഖകൾ ഹാജരാക്കാൻ സമയമനുവദിക്കുന്നതടക്കം അവരുടെ നിയമപരമായ അവകാശങ്ങൾ നിർബാധം ഹനിക്കപ്പെടുന്നു. അസഭ്യവർഷം, മാനഹാനി ഇവ ഭയന്ന് ചൂണ്ടിക്കാണിക്കുന്നിടത്ത് ഒപ്പിടാൻ അവർ നിർബന്ധിതരാകുന്നു. എതിർത്താൽ കൂടുതൽ വകുപ്പുകൾ ചുമത്തുന്നു. ദീർഘമായ നടപടികൾമൂലമുള്ള സമയനഷ്ടമോർത്ത് കോടതിയിലും കുറ്റം സമ്മതിക്കുന്നു. പിഴയടയ്ക്കുന്നു. പോലീസ് ജയിക്കുന്നു. ഖജനാവ് നിറയുന്നു. മനുഷ്യാവകാശം ലംഘിക്കപ്പെടുന്നു.

*വാൽക്കഷണം* - കേരളത്തിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ (യശ്ശഃശ്ശരീരനായ സാഹിത്യകാരൻ എം. എൻ. ഗോവിന്ദൻ നായരുടെ ഭാഷയിൽ - *തോളത്തു കാളത്തോലിട്ട ഏമാന്മാർ*) ദിവസംതോറും അഴിമതി - ക്രിമിനൽ ആരോപണങ്ങളിൽ മുങ്ങുമ്പോഴും ജനത്തിനു കേരളാ പോലീസിലുള്ള വിശ്വാസം നഷ്ടപ്പെട്ടിട്ടില്ല. പോയ മാസം കോട്ടയം-കുമളി റോഡിലൂടെ യാത്ര ചെയ്തവർ ഇതു മനസിലാക്കി. ക്രൂരമായ പാറമ്പുഴ കൂട്ട ക്കൊലക്കേസിലെ പ്രതിയെ ആയിരക്കണക്കിനു കിലോമീറ്റർ അകലെ ഉത്തർപ്രദേശിൽനിന്നും ദിവസങ്ങൾക്കു ള്ളിൽ തൊണ്ടിസഹിതം പൊക്കിയ സർക്കിൾ ഇൻസ്പക്ടറേയും സിവിൽ പോലീസ് ഉദ്യോഗസ്ഥരേയും അനു മോദിക്കുന്ന വിവിധ സംഘടനകളുടെ ഫ്ളക്സ് ബോർഡുകളായിരുന്നു റോഡിനിരുവശവും. അത്രയും ആശ്വാസം.

(*സാമൂഹ്യനീതി* - ഓഗസ്റ്റ് 2015)